Published on 07/9/21

# കേരള സർക്കാർ
## സ്റ്റേഷനറി വകുപ്പ്

നമ്പർ. 432/ഡി1/2021/സ്റ്റേ. തിരുവനന്തപുരം 695 033,

തീയതി: **02.09.2021**

**ഇ-പുനർ ദർഘാസ് പരസ്യം**

2021-22 കാലയളവിൽ (2021 ഒക്ടോബർ 1 മുതൽ **2022** മാർച്ച് **31** വരെയുള്ള) താഴെ പ്രസ്ഥാവിച്ചിട്ടുള്ള ജില്ലകളിലെ സർക്കാർ പ്രസ്സുകളിൽ നിന്നും പാഴ്ക്കടലാസ് നീക്കംചെയ്യുന്നതിന് വാർഷികാടിസ്ഥാനത്തിൽ കരാർ ഉറപ്പിച്ചു നൽകുന്നതിന് ഇ-പുനർ ദർഘാസുകൾ ക്ഷണിക്കുന്നു. വിശദ വിവരം താഴെ നല്കുന്നു. കേരള സർക്കാരിന്റെ ഇ -ദർഘാസ് പോർട്ടലായ http//www.etender.kerala.gov.in വഴിയാണ് ഓൺലൈൻ ദർഘാസുകൾ സമർപ്പിക്കേണ്ടത്.

| ക്രമ നം. | ഇനം | ദർഘാസ് നമ്പർ | ഇ-ദർഘാസ് ഫീസ് | സോൾവൻസി തുക | നിരത ദ്രവ്യം | സുരക്ഷിത നിക്ഷേപം | ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| **എ) സർക്കാർ പ്രസ്സുകൾ** | | | | | | | 4 PM | **11 AM** |
| **മേഖല II (കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകൾ (നിരക്ക്/കി.ഗ്രാം)** | | | | | | | | |
| 1 | ഗ്രൂപ്പ് 1 | 32/21-22 | 2170 | 3,00,000 | 15,000 | 1,00,000 | 22.09.2021 | 24.09.2021 |
| **മേഖല III ( കോഴിക്കോട്, വയനാട്, കണ്ണൂർ, ജില്ലകൾ) (നിരക്ക്/കി.ഗ്രാം)** | | | | | | | | |
| 2 | ഗ്രൂപ്പ് 1 | 33/21-22 | 1740 | 1,50,000 | 10,000 | 50,000 | 22.09.2021 | 24.09.2021 |

1. ദർഘാസുകൾ Online വഴിയാണ് സ്വീകരിക്കുന്നത്. നേരിട്ടോ/തപാൽ മാർഗ്ഗമോ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
2. ഓൺലൈൻ ദർഘാസുകൾ നിർദ്ദിഷ്ട തീയതിയിൽ, നിർദ്ദിഷ്ട സമയത്ത് Online ആയി സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത ദിവസം ദർഘാസ് തുറക്കുന്നതാണ്.
3. മുകളിൽ 6-)ം കോളത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന തുകയ്ക്കുള്ള നിരതദ്രവ്യം Online ആയി ഒടുക്കുകയും അതുമായി ബന്ധപ്പെട്ട Bid Submission Confirmation ദർഘാസ് തുറക്കുന്ന തീയതിക്കും, സമയത്തിനും മുൻപ് സ്റ്റേഷനറി കൺട്രോളറുടെ പേരിൽ രജിസ്റ്റേർഡ് തപാൽ മുഖേന അയച്ചുതരുകയോ നേരിട്ട് എത്തിക്കുയോ ചെയ്യേണ്ടതാണ്. **5-)0 കോളത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന തുകയ്ക്കുള്ള സോൾവെൻസി സർട്ടിഫിക്കറ്റ്, കേരള സർക്കാരിന്റെ 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ തയ്യാറാക്കി കരാറുകാരൻ ഒപ്പിട്ടിട്ടുള്ള പ്രാഥമിക കരാർ ഉടമ്പടി എന്നിവ ദർഘാസിനോടൊപ്പം (Scanned Copy) Online ആയി സമർപ്പിക്കണം. ഇവ കൂടാതെ ലഭിക്കുന്ന ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതും നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്.**
4. ദർഘാസിൽ പങ്കെടുക്കുന്നത് സ്ഥാപനം/ഏജൻസി ആണെങ്കിൽ പാർട്ണറുടെ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ, മെയിൽ ഐ.ഡി, ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ എന്നിവ നിർബന്ധമായും Bid submission confirmation -ൽ ഉൾപ്പെടുത്തിയിരിക്കണം.
5. ഇ-പുനർ ദർഘാസ് ഫീസും, നിരതദ്രവ്യതുകയും Online ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.
6. **ദർഘാസ് പരസ്യം നിലവിൽ വന്ന തീയതിയ്ക്കുശേഷം, ബന്ധപ്പെട്ട തഹസീൽദാർ നൽകിയതും ദർ**

ഘാസുകാരന്റെയോ/പാർട്ണറുടെയോ പേരിലുളളതുമായ സോൾവെൻസി സർട്ടിഫിക്കറ്റാണ് ദർഘാസിനോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടത്. സ്വന്തം പേരിലോ/പാർട്ണറുടെ പേരിലോ സോൾവൻസി ഹാജരാക്കാൻ സാധിക്കാത്ത ദർഘാസുകാർക്ക് സോൾവെൻസി തുകയ്ക്ക് സമാനമായ തുക സ്വന്തം പേരിൽ എടുത്തിട്ടുള്ളതും ഒരു വർഷ കാലാവധിയുള്ളതു മായ ബാങ്ക് നിക്ഷേപ രസീത് (FDR) സ്റ്റേഷനറി കൺട്രോളറുടെ പേരിൽ പണയപ്പെടുത്തി ദർഘാസിനോടൊപ്പം സമർപ്പിക്കാവുന്നതാണ്. ദർഘാസിനോടൊപ്പം Online ആയി സമർപ്പിക്കുന്ന എല്ലാ രേഖകളുടെയും (പ്രാഥമിക കരാർ ഉടമ്പടി, സോൾവൻസി സർട്ടിഫിക്കറ്റ്, etc) ഒറിജിനൽ, ദർഘാസ് ഓൺലൈനായി തുറക്കുന്ന തീയതിക്കും, സമയത്തിനും മുൻപ് സ്റ്റേഷനറി കൺട്രോളറുടെ പേരിൽ രജിസ്റ്റേർഡ് തപാൽ വഴി അയച്ചുതരുകയോ നേരിട്ട് എത്തിക്കുയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്.

7. ഒന്നിലധികം കരാറുകൾക്കുവേണ്ടി ദർഘാസ് സമർപ്പിക്കുന്ന വ്യക്തി/ഏജൻസി മതിയായ സോൾവെൻസി ഓരോ ദർഘാസിനോടൊപ്പം online ആയി സമർപ്പിച്ചിട്ടില്ലായെങ്കിൽ ദർഘാസുകളിൽ കൃത്യമായ നിരക്ക് രേഖപ്പെടുത്തിയാൽകൂടി ടി ദർഘാസുകൾ പ്രഥമദൃഷ്ട്യാ നിരസിക്കുന്നതാണ്. ദർഘാസിൽ ഒന്നിലധികം പേർ ഒരേ നിരക്ക് രേഖപ്പെടുത്തുകയാണെങ്കിൽ അവയിൽ മുൻവർഷങ്ങളിൽ ബാദ്ധ്യതയൊന്നുമില്ലാതെ കരാർ പൂർത്തികരിക്കുകയും ദർഘാസ് പരസ്യത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ദർഘാസ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളവർക്ക് മുൻഗണന നൽകി ദർഘാസ് തീരുമാനിക്കുന്നതാണ്. എന്നാൽ ഇതിനുശേഷവും കരാർ ഒരാൾക്ക് ഉറപ്പിച്ചുനൽകാൻ സാങ്കേതികമായി സാധിക്കാത്ത സാഹചര്യത്തിൽ ഒരേ നിരക്ക് നൽകിയിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയത്തിൽ നടക്കുന്ന നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് കരാർ ഉറപ്പിച്ചുനൽകുന്നതാണ്.

8. ദർഘാസിൽ പങ്കെടുക്കുകയും, കരാർലഭിക്കുന്നതിന് യോഗ്യത നേടുകയും തുടർന്ന് കരാർ ഏറ്റെടുക്കാതെ പിന്മാറുകയും ചെയ്യുന്ന ദർഘാസുകാരൻ ഹാജരാക്കുന്ന നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും നഷ്ട പരിഹാര തുക ഈടാക്കുന്നതുമാണ്. അതോടൊപ്പം തന്നെ അപ്രകാരം പിൻമാറുന്ന ദർഘാസുകാരെ വകുപ്പിന്റെ പാഴ്ക്കടലാസ് കരാറുകാരുടെ ലിസ്റ്റിൽ നിന്ന് സ്ഥിരമായോ, ഒരു നിശ്ചിത കാലയളവിലേയ്ക്കോ ഒഴിവാക്കുന്നതുമാണ്.

9. കേരളത്തിലെ സർക്കാർ ആഫീസുകളിൽ ഉണ്ടാകുന്ന പാഴ്ക്കടലാസുകൾ കരാറുകാർ സുഗമമായി നീക്കം ചെയ്യുന്നുണ്ടോ എന്ന് സ്റ്റേഷനറി വകുപ്പിന്റെ TERMS (Total Enterprise Resource Management System) സോഫ്റ്റ്‌വെയറിലൂടെ കേന്ദ്രീകൃതമായി പരിശോധിക്കുന്നതിനുള്ള സൗകര്യം നിലവിൽ സ്റ്റേഷനറി കൺട്രോളർക്ക് ഉള്ളതിനാൽ പാഴ്ക്കടലാസുകൾ നീക്കം ചെയ്യാതിരിക്കൽ തുടങ്ങിയുള്ള വീഴ്ചകൾ ഗൗരവമായി പരിശോധിക്കുന്നതായിരിക്കും . ഒരേ വ്യക്തിയുടെ പേരിൽ തന്നെ ഒന്നിലധികം കരാറുകൾ ഉറപ്പിച്ചുനൽകുന്നത് TERMS സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ ഒന്നിൽ കൂടുതൽ കരാറുകൾ ലഭിക്കുന്ന വ്യക്തി ഓരോ കരാറിനും നൽകുന്ന മൊബൈൽ നമ്പർ വ്യത്യസ്തമായിരിക്കണം.

10. ദർഘാസിനോടൊപ്പം സമർപ്പിക്കുന്ന രേഖകളിൽ എന്തെങ്കിലും കൃത്രിമമുണ്ടെന്ന്

എപ്പോഴെങ്കിലും തെളിയുന്നപക്ഷം പ്രസ്തുത ദർഘാസ്/കരാർ റദ്ദ് ചെയ്യുകയും നിരതദ്രവ്യതുക, സുരക്ഷിത നിക്ഷേപം എന്നിവ സർക്കാരിലേക്ക് കണ്ടുകെട്ടുകയും, തുടർന്ന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതും, പാഴ്ക്കടലാസ് ദർഘാസ് സംബന്ധിച്ച നടപടിക്രമങ്ങളിൽ നിന്നും തുടർന്നുള്ള വർഷങ്ങളിൽ ടിയാന് ആജീവനാന്ത വിലക്ക് ഏർപ്പെടുത്തുന്നതുമാണ്.

11. സർക്കാർ അംഗീകരിച്ച വിപണി വിലയെക്കാൾ (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2020 ഒക്ടോബർ മുതൽ 2020 ഡിസംബർ വരെയുള്ള പല വിഭാഗത്തിലുള്ള പാഴ്ക്കടലാസുകളുടെ വിപണിവില) താഴ്ന്ന നിരക്ക് നൽകുന്ന ദർഘാസുകൾ അംഗീകരിക്കുന്നതല്ല . തത്സമയം നിലവിലുള്ള മാർക്കറ്റ് വിലയേക്കാൾ 30%-ൽ അധികരിക്കാത്ത വിലകൾ മത്സര വിലകളായി പരിഗണിക്കുകയും, അവയിൽ അധികരിക്കുന്ന വിലകൾ അസ്വാഭാവിക വിലകളായി കണക്കാക്കി ദർഘാസുകൾ നിരസിക്കുകയും ചെയ്യുന്നതാണ് . കൂടാതെ, **നിരക്കുകൾ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തണം. (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സൂചിത സർക്കുലർ വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട് .)** (www.stationery.keral.gov.in) **ആവശ്യക്കാർക്ക് ആയത് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.**

12. പ്രാഥമിക കരാർ ഉടമ്പടി പത്രത്തിന്റെ മാതൃക വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

13. മുൻ വർഷങ്ങളിലെ പാഴ്ക്കടലാസ് കരാറുമായി ബന്ധപ്പെട്ട് ബാദ്ധ്യത എന്തെങ്കിലും ഉള്ള പക്ഷം ദർഘാസിൽ പങ്കെടുക്കുന്ന വ്യക്തിയുടെ /ഏജൻസിയുടെ പേരിലുള്ള ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്.

14. ദർഘാസ് സംബന്ധമായ എല്ലാ ഇടപാടുകൾക്കും (സർക്കുലറും ഐ.ഡി.കാർഡും കൈപ്പറ്റുന്നത് ഉൾപ്പെടെ) ദർഘാസ് സമർപ്പിച്ച വ്യക്തിതന്നെ നേരിട്ട് ആഫീസിൽ ഹാജരാകേണ്ടതാണ്.

15. ദർഘാസ് സംബന്ധമായ എല്ലാ വ്യവഹാരങ്ങളും തിരുവനന്തപുരം ജില്ലയിലെ കോടതികളുടെ മാത്രം പരിധിക്കുള്ളിൽ ആയിരിക്കണം നടത്തേണ്ടത്.

16. ഈ പുനർ ദർഘാസ് പരസ്യത്തിൽ മാറ്റം വരുത്തുന്നതിനോ, പരസ്യമോ മേൽനടപടികളോ ഏതു സമയത്തും റദ്ദ് ചെയ്യുന്നതിനോ ഉളള അധികാരം സ്റ്റേഷനറി കൺട്രോളറിൽ നിക്ഷിപ്തമാണ്.

ഗ്രൂപ്പ് I - സർക്കാർ പ്രസ്സുകളിലെ കട്ടിംഗ് വേസ്റ്റ് ഒഴികെയുള്ള എല്ലാതരത്തിൽപ്പെട്ട പാഴ്ക്കടലാസുകളും.
ഗ്രൂപ്പ് II - സർക്കാർ പ്രസ്സുകളിലെ പേപ്പർ കട്ടിംഗ് വേസ്റ്റ്.

സ്റ്റേഷനറി കൺട്രോളർ.